

# പുത്തൻചിറ സെന്റ് മേരീസ് ഫൊറോന ഇടവക

ക്രിസ്തുവർഷം 52-ൽ ഭാരതത്തിലെ കൊടുങ്ങല്ലൂർ അഴിമുഖത്ത് ജലമാർഗ്ഗം എത്തിച്ചേർന്ന ക്രിസ്തുശിഷ്യനായ മാർതോമാശ്ലീഹാ കൊളുത്തിയ വിശ്വാസദീപം കൊടുങ്ങല്ലൂരിലും ഏഴരപ്പള്ളികളിലും മാത്രമല്ല, കൊടുങ്ങല്ലൂരിന്റെ സമീപപ്രദേശവും ജലഗതാഗത പ്രമുഖമായ പുത്തൻചിറയിലും ദീപ്തി ചൊരിഞ്ഞു.

മാർ തോമാശ്ലീഹായുടെ കാലശേഷം രണ്ടാം നൂറ്റാണ്ടിലും തുടർന്നും കൊടുങ്ങല്ലൂരിൽ മതമർദ്ദനമുണ്ടായപ്പോൾ അവിടെനിന്ന് അനേകം ക്രിസ്ത്യാനികൾ വിശ്വാസസംരക്ഷണാർത്ഥം സമീപ പ്രദേശമായ പുത്തൻചിറയിൽ കുടുംബസമേതം കുടിയേറിപ്പാർത്തു. പിന്നീട് 345-ൽ ക്നായി തൊമ്മന്റെ നേതൃത്വത്തിൽ പേർഷ്യയിൽ നിന്ന് കൊടുങ്ങല്ലൂരിലെത്തിയ ക്രൈസ്തവ സമൂഹവുമായി അവർ സമ്പർക്കത്തിലേർപ്പെട്ടു. ഇപ്രകാരം പുത്തൻചിറയിലെ ക്രൈസ്തവർ ശക്തിയാർജ്ജിക്കുകയും 4-ാം നൂറ്റാണ്ടിൽത്തന്നെയിവിടെ തനതായ ഒരു ആരാധനാലയത്തിന് രൂപം നല്കാൻ സാധിക്കുകയും ചെയ്തുവെന്നാണ് സ്വീകാര്യമായ പാരമ്പര്യം.

"മഹാദേവർ പട്ടണത്തിൽപെട്ട പുത്തൻചിറ" എന്നാണ് പുരാതന രേഖകളിൽ കൊടുത്തിട്ടുള്ളത്. ക്രിസ്തബ്ദം നാലാം നൂറ്റാണ്ടിൽ സ്ഥാപിതമായ പുത്തൻചിറയിലെ പുരാതന ദേവാലയം വിശ്വാസം പരിപോഷിപ്പിച്ച് നാലഞ്ച് നൂറ്റാണ്ടോളം നിലനിന്നിരുന്നുവെന്നും പിന്നീട് ഉണ്ടായ വർഗ്ഗീയ ലഹളയുടെ ഫലമായി 9-ാം നൂറ്റാണ്ടിൽ പള്ളി നശിപ്പിക്കപ്പെട്ടുവെന്നുമാണ് പാരമ്പര്യം. ഉടനെ പുനരുദ്ധരിക്കാൻ പറ്റിയ സാഹചര്യമുണ്ടായില്ല. തന്മൂലം അമ്പഴക്കാട് പള്ളിയോട് ബന്ധപ്പെട്ട ഒരു സമൂഹമായി മുന്നേറി.

പോർട്ടുഗീസുകാരുടെ വരവിനുശേഷം പ്രാരംഭഘട്ടത്തിൽ പുത്തൻചിറയിൽ കടവിനടുത്ത് ഒരു കുരിശുപള്ളിയും അചിരേണ ഒരു ദേവാലയവും സ്ഥാപിതമായി. തത്സംബന്ധമായി രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: "1502-ൽ ഒരു പോർട്ടുഗീസുകാരൻ പുത്തൻചിറയിൽ വന്ന് 'കടവിൽ' വീടുവച്ച് താമസിച്ചു. കൂടാതെ ഒരു കുരിശ് സ്ഥാപിച്ചുവെന്നും അതിന് അടച്ചുറപ്പ് വരുത്തി ചില സമയങ്ങളിൽ വൈദികരെയും വരുത്തി കുർബാനചൊല്ലിച്ചുവരുമ്പോൾ, ശങ്കരൻകോതകർത്താവിനോട് സ്ഥലം അട്ടിപ്പേറ് വാങ്ങി ഇപ്പോൾ പള്ളിയിരിക്കുന്ന ഭാഗത്ത് ആദ്യം മദ്ബഹാ പണിയിച്ച് അമ്പഴക്കാട് പള്ളിയിൽ നിന്ന് വൈദികരെ വരുത്തി കടമുള്ള ദിവസങ്ങളിൽ കുർബാനചൊല്ലിച്ചുവെന്നും" കൊടുങ്ങല്ലൂർ അതിരൂപതയുടെ സമകാലീനഗ്രന്ഥങ്ങളിലും രേഖകളിലും



പള്ളിയുടെ മദ്ബഹാ

കാണുന്നുണ്ട്. 1530 മുതൽ 1545 വരെ സുറിയാനി പള്ളികൾ (മാർതോമാക്രിസ്ത്യാനികളുടെ പള്ളികൾ) ചുറ്റി സഞ്ചരിച്ച് ദേവാലയ നിർമ്മാണത്തിൽ ഗോത്തിക് രീതി ഏർപ്പെടുത്തിയ ബഹു. വിൻസെന്റ് പാതിരിയാണ് ഈ ദേവാലയത്തിന്റെ പണി അക്കാലത്ത് പൂർത്തിയാക്കിയതും വൈദികമന്ദിരം നിർമ്മിച്ചതും. കടവിൽ പറങ്കി സ്ഥാപിച്ചിരുന്ന കുരിശുപള്ളി 1550 നുശേഷം പൊളിച്ചുമാറ്റിയെങ്കിലും അതിന്റെ



വൈദിക മന്ദിരം (മെത്രാപ്പോലീത്തമാരുടെ സ്മാരകമായി 1952-ൽ പണിതത്)

പുരാതന കൽക്കുരിശ് ഇന്നും സംരക്ഷിച്ചുപോരുന്നു. ഇപ്പോൾ നിലവിലുള്ള പള്ളിക്ക് മുമ്പുണ്ടായിരുന്ന പഴയപ്പള്ളി ഇതേസ്ഥാനത്ത് പണിയിച്ചത് അക്കാലത്തായിരുന്നു. പ്രസ്തുത ദേവാലയമാണ് ടിപ്പുവിന്റെ പടയോട്ടത്തിൽ നശിക്കാനിടയായത്.



സെന്റ് മേരീസ് കപ്പേള, മങ്കിടി



ഇരട്ടക്കുരിശ് കപ്പേള

## ഉദയംപേരൂർ സുനഹദോസും പദ്രുവാദോ ഭരണവും



മദ്ബഹായുടെ മുകളിൽ കാണുന്ന വിശേഷാൽ പെയിന്റിങ്ങ്

ഉദയംപേരൂർ സുനഹദോസിന്റെ കാലഘട്ടത്തിൽ ഗോവൻ മെത്രാപ്പോലീത്തയായ ഡോം മെനേസിസ് സന്ദർശിച്ച മാർതോമാ ക്രിസ്ത്യാനികളുടെ പള്ളികളിൽ പുരാതനമായ പുത്തൻചിറയും ഉൾപ്പെടുന്നു. പാറേമ്മാക്കൽ തോമാ കത്തനാരുടെ നേതൃത്വത്തിൽ കൂടിയ അങ്കമാലി യോഗത്തിലും പ്രസ്തുത പടിയോലയിലും വർത്തമാനപുസ്തകത്തിലും പുത്തൻചിറ പള്ളിയുടെ പേരും മറ്റും കാണാവുന്നതാണ്.

## പുത്തൻചിറയിൽ മെത്രാസനം

1701-ൽ ആർച്ചുബിഷപ്പ് ഡിഡാക്കൂസിന്റെ പിൻഗാമിയായി റെബെയിരോ S.J. മെത്രാപ്പോലീത്തയായി അവരോധിക്കപ്പെട്ടു. ഒരു പോർട്ടുഗീസ് വൈദികനായ അദ്ദേഹം സമ്പാളൂർ വൈദിക സെമിനാരിയുടെ (വൈപ്പിക്കോട്ടയിൽ നിന്ന് മാറ്റിസ്ഥാപിച്ചത്) റെക്ടറായിരുന്നു. അമ്പഴക്കാടും സമ്പാളൂരും ഡച്ചു അധീനതയിൽപ്പെടാതെ കോഴിക്കോടു സാമൂതിരിയുടെ അധികാര സീമയിൽപെട്ട പ്രദേശങ്ങളായിരുന്നു. പ്രതികൂലസാഹചര്യം നിമിത്തം 1706-ൽ അദ്ദേഹം സാമൂതിരിയുടെ അധീനതയിൽപെട്ട പുത്തൻചിറയിൽ പുരാതന ദേവാലയത്തിന് സമീപം മെത്രാപ്പോലീത്തൻ മന്ദിരം പണിത് അവിടെ താമസമാക്കി. 1716-ൽ അദ്ദേഹം മരിച്ചപ്പോൾ അവിടെത്തന്നെയാണ് കബറടക്കം ചെയ്തത്. തുടർന്ന് നിയുക്തരായ ഗോവർണ്ണദോർമാരും (അഡ്മിനിസ്ട്രേറ്റർമാർ) അവിടെ താമസിച്ചാണ് സഭയുടെ മേൽനോട്ടം വഹിച്ചത്.

തൊട്ടടുത്ത പിൻഗാമി ആന്റണി പിമെന്റൽ മെത്രാപ്പോലീത്തയായിരുന്നു. ബഹുഭാഷാപണ്ഡിതനായിരുന്നഅദ്ദേഹം 'ബുദ്ധിമെത്രാൻ' എന്ന അപരനാമത്തിലാണ് അറിയപ്പെട്ടിരുന്നത്. കേരളത്തിൽ അർണ്ണോസ് പാതിരിയെന്നപേരിൽ പ്രസിദ്ധനായ ഹംഗറിക്കാരൻ വൈദികന്റെ (Johann Ernestes Hanxeldon) ഭാരത



പള്ളിക്കകത്തുള്ള മെത്രാപ്പോലീത്താമാരുടെ കബറിടങ്ങൾ (1701-77)



മദ്ബഹയിൽ സ്ഥാപിച്ചിട്ടുള്ള മാതാവിന്റെ ചിത്രം

ഭാഷാപഠനത്തിലും സാഹിത്യസപര്യയിലും മെത്രാപ്പോലീത്തയുടെ പ്രോത്സാഹനം നിർണ്ണായകമായിരുന്നു. പർവ്വം, പാന, നിഘണ്ടുക്കൾ എന്നിവയുടെ കർത്താവായ അർണ്ണോസുപാതിരി പുത്തൻപാനയുടെ ആമുഖത്തിൽ ബഹുഭാഷാ പണ്ഡിതനായ പിമെന്റൽ മെത്രാനെ മുക്തകണ്ഠം പ്രശംസിക്കുന്നുണ്ട്. അവിടെ പരാമർശിച്ചിരിക്കുന്ന മാർ അന്തോണീസ് ഈ മേലധ്യക്ഷനാണ്. പിമെന്റൽ 1752-ൽ ദിവംഗതനായപ്പോൾ പുത്തൻചിറ പള്ളിയിൽ തന്നെയാണ് അദ്ദേഹത്തെയും സംസ്കരിച്ചത്.

അദ്ദേഹത്തിന്റെ പിൻഗാമിയായ ജോൺ അലോഷ്യസ് വാസ് കൊണെൽസ് 1753 മുതൽ 1756 വരെ 3 വർഷം ഭരണം നടത്തിയശേഷം ചരമം പ്രാപിച്ചു. അദ്ദേഹത്തിന്റെ കബറടക്കവും പുത്തൻചിറ പള്ളിയിൽ തന്നെ നടന്നു. അനന്തരം 1756-77 കാലയളവിൽ മെത്രാപ്പോലീത്തയായിരുന്നത്



വാഴ്ത്തപ്പെട്ട മറിയംത്രേസ്യയുടെ ജന്മഗൃഹം



ജൂബിലി ഹാൾ

സാൽവദോർ ദോസ് റെയ്സ് തിരുമേനിയായിരുന്നു. അദ്ദേഹമാണ് പദ്രുവാദോ ഭരണത്തിൻ കീഴിൽ വന്ന കൊടുങ്ങല്ലൂരിലെ അവസാന മെത്രാപ്പോലീത്ത. അദ്ദേഹവും പുത്തൻചിറ മെത്രാപ്പോലീത്താമന്ദിരത്തിൽ തന്നെയാണ് താമസിച്ചിരുന്നത്. ഇദ്ദേഹത്തിന്റെ കാലഘട്ടത്തിലത്രേ പുത്തൻചിറ പള്ളി ഭദ്രാസന ദേവാലയമായി സ്ഥിരീകരിക്കപ്പെട്ടത്. (പിന്നീട് തിരുവിതാംകൂർ രാജ്യത്തിന്റെ ഭാഗമായിത്തീർന്ന പുത്തൻചിറയിൽ താമസം തുടരാൻ പ്രയാസം നേരിട്ടപ്പോൾ അദ്ദേഹം 4 വർഷം സമ്പാളൂരും താമസിച്ചിട്ടുണ്ട്.) 1777 ഏപ്രിൽ 7-ാം തിയ്യതി അദ്ദേഹം പുത്തൻചിറയിൽ വച്ചുതന്നെ മരണമടഞ്ഞു. അദ്ദേഹത്തിന്റെ മൃതദേഹം സംസ്കരിച്ചത് പുത്തൻചിറ പള്ളിയിലാണ്. അനന്തരം 1789-ൽ ടിപ്പുസുൽത്താന്റെ ആക്രമണഫലമായി പുത്തൻചിറയിലെ മെത്രാസന മന്ദിരം നശിക്കാനിടയായി. എങ്കിലും 3 മെത്രാപ്പോലീത്തമാരെയും ഒരു ഗോവർണ്ണദോരെയും സംസ്കരിച്ചിട്ടുള്ള കബറിടങ്ങളിലെ സ്മാരകശില ഇന്നും പള്ളിയുടെ മദ്ബഹായുടെ സമീപം കാണാം.

## പുത്തൻചിറയിലെ പുരോഹിത ശ്രേഷ്ഠന്മാർ

തുടർന്ന് മെത്രാപ്പോലീത്തമാരില്ലാതിരുന്ന ദീർഘമായ കാലഘട്ടത്തിൽ കൊടുങ്ങല്ലൂർ അതിരൂപതാ ഭരണം നടത്തിയത് അഡ്മിനിസ്ട്രേറ്റർമാർ അഥവാ ഗോവർണ്ണദോർമാർ ആയിരുന്നു. ദൊമിനിക് ഗോവർണ്ണദോർ പുത്തൻചിറയിൽ താമസമാക്കുകയും പുത്തൻചിറയിലെ മാള്യേക്കൽ കൂനൻ ഇട്ട്യേര പൗലോസ് കത്തനാരെ കേരളത്തിന്റെ വികാരി ജനറലായി നിയമിക്കുകയും ചെയ്തു. അഡ്മിനിസ്ട്രേറ്റർമാരുടെ ഭരണത്തിനുശേഷം 1821 മാർച്ച് 4-ാം തിയ്യതി അക്വീനാസ് എന്ന ഡൊമിനിക്കൻ വൈദികൻ മെത്രാപ്പോലീത്തയായി നിയമിതനാകുകയും 1822-ൽ അഭിഷേചിക്കപ്പെടുകയും ചെയ്തു. അദ്ദേഹം താമസം ആരംഭിച്ചത് പുത്തൻചിറയിലായിരുന്നു. അവസാനത്തെ അഡ്മിനിസ്ട്രേറ്റർ ആയ പൈശിയോത്തയും പുത്തൻചിറയിൽ താമസിച്ചിട്ടുണ്ട്. 18, 19 നൂറ്റാണ്ടുകളിൽ കൊടുങ്ങല്ലൂർ അതിരൂപതയുടെ ഭദ്രാസന ദൈവാലയമായിരുന്നു പുത്തൻചിറ പള്ളി.

## ദേവാലയ പുനർനിർമ്മാണം



വാ. മറിയംത്രേസ്യ 1915-ൽ സ്ഥാപിച്ച ഹോളിഫാമിലി എൽ.പി. സ്ക്കൂൾ

1789-ൽ ടിപ്പുസുൽത്താൻ കൊച്ചി, തിരുവിതാംകൂർ എന്നീ രാജ്യങ്ങളെ ആക്രമിച്ച കൂട്ടത്തിൽ പുത്തൻചിറയും ആക്രമണവിധേയമായി. ടിപ്പുവിന്റെ പട പള്ളി തീവെച്ച് നശിപ്പിച്ചു. ആക്രമണം ഭയന്ന് പലായനം ചെയ്തവരിൽ ഏതാനുംപേർ സമീപ പ്രദേശങ്ങളിൽ വാസമുറപ്പിക്കുകയും മറ്റുള്ളവർ നാട്ടിൽ തിരിച്ചെത്തി ദേവാലയത്തിന്റെ കേടുപാടുകൾ തീർത്ത് കുർബാനയും മറ്റു തിരുക്കർമ്മങ്ങളും അനുഷ്ഠിച്ചു പോരുകയും ചെയ്തു. എങ്കിലും ക്രമേണ പുതിയ പള്ളി അത്യാവശ്യമായിരുന്നു.

ഈ ഘട്ടത്തിൽ 1902-ൽ ഇവിടെ വികാരിയായി വന്ന ബഹു. ജോസഫ് വിതയത്തിലച്ചന്റെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായിട്ടാണ് ഇന്ന് കാണുന്ന ബൃഹത്തായ ദേവാലയം മനോഹരമായി പണികഴിപ്പിച്ചത്. 1909-ൽ പണി ആരംഭിക്കുകയും 1915 മേയ് 30-ന് നിർമ്മാണം പൂർത്തിയാക്കി മൂന്നു മെത്രാന്മാരുടെ കാർമ്മികത്വത്തിൽ കൂദാശാകർമ്മം സാഘോഷം നിർവ്വഹിക്കുകയും ചെയ്തു.



സെന്റ് ജോർജ്ജ് കോൺവെന്റ്



സെന്റ് മേരീസ് ചാരിറ്റബിൾ കോംപ്ലക്സ്



മറിയംത്രേസ്യ സ്പിരിച്വാലിറ്റി സെന്റർ

അദ്ദേഹത്തിന്റെ സേവനകാലത്താണ് കുഴിക്കാട്ടുശ്ശേരി, സേവിയൂർ എന്നീ ഇടവകകൾ ഇവിടെ നിന്ന് സ്ഥാപിച്ചതും.

## തിരുക്കുടുംബ സന്യാസിനി സമൂഹം

കൂടാതെ, വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായുടെ കുടുംബപ്രേഷിത സമർപ്പണത്തിനുള്ള വിളി വിവേചിച്ചറിഞ്ഞ് പ്രോത്സാഹിപ്പിച്ചതും 1913-ൽ പുത്തൻചിറയിൽ അവർക്കായി ഏകാന്തഭവനം പണിതതും 1914 മേയ് 14-ന് സ്ഥാപിതമായ തിരുക്കുടുംബ സന്യാസിനീ സമൂഹത്തിന് വഴിയൊരുക്കിയതും വികാരിയും സഹസ്ഥാപകനുമായിരുന്ന ബഹു. ജോസഫ് വിതയത്തിലച്ചന്റെ ആധ്യാത്മികചൈതന്യവും ക്രാന്തദർശിത്വവുമാണ്.

മുൻകാലഘട്ടത്തിൽ 1885-ൽ പുത്തൻചിറ നാട്ടിലെ വിദ്യാഭ്യാസ സൗകര്യാർത്ഥം പള്ളിയോട് ചേർന്ന് പള്ളിക്കൂടം പണിതിരുന്നു. പള്ളിയിൽ നിന്ന് നേരിട്ട് സ്ക്കൂൾ നടത്താനുള്ള പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കാൻവേണ്ടിയാണ് ഇപ്രകാരം പള്ളിപ്പറമ്പിൽ പള്ളിച്ചെലവിൽ ഒരു കെട്ടിടം പണിത് പ്രൈമറി സ്ക്കൂൾ നടത്തുന്നതിന് ഗവണ്മെന്റിന് വിട്ടുകൊടുത്തത്. പിന്നീടാണ് സർക്കാർ സ്ഥിരമായി വേറെ സ്ഥലത്ത് സ്ക്കൂൾ പണിതത്. ഗ്രാമീണ വിദ്യഭ്യാസം മെച്ചപ്പെടുത്തുവാൻ വേണ്ടി പള്ളിക്കുസമീപം 1915-ൽ തിരുക്കുടുംബസഭ വിദ്യാഭ്യാസരംഗത്തെ ആദ്യത്തെ കാൽവയ്പ്പായി ഹോളിഫാമിലി എൽ.പി. സ്ക്കൂൾ സ്ഥാപിക്കുകയുണ്ടായി.

പുത്തൻചിറ ഭദ്രാസന മന്ദിരത്തിൽ താമസിച്ച്



മറിയംത്രേസ്യ സ്ഥാപിച്ച തിരുക്കുടുംബ മഠം - ഏകാന്ത ഭവനം (1913)
സെന്റ് ജോസഫ് കോൺവെന്റ് (1914)

സഭാഭരണം നടത്തിയിട്ടുള്ള മെത്രാപ്പോലീത്ത മാരുടെ സ്മരണയ്ക്കായി 1952-ൽ ആധുനിക മായ വൈദികമന്ദിരം പണികഴിപ്പിച്ചു. 1973 ജൂലൈ 3-ാം തിയ്യതി പുത്തൻചിറ സെന്റ് മേരീസ് പള്ളി ഫൊറോനയായി ഉയർത്തപ്പെട്ടു. ഇന്നാട്ടുകാരനും തൃശ്ശൂർ രൂപതയുടെ വികാരി ജനറലുമായിരുന്ന മോൺ. ജോൺ മാള്യേക്കൽ അച്ചന്റെ വിശാല മന സ്കതയുടെയും ദീർഘവീക്ഷണത്തിന്റെയും ഫല മാണ് അദ്ദേഹവും സഹോദരൻ പെ.ബഹു. ജോസഫ് കല്ലിസ്റ്റസ് C.M.I. അച്ചനും കൂടി രൂപംകൊടുത്ത സെന്റ് മേരീസ് ചാരിറ്റബിൾ കോംപ്ലക്സ്. 1999-ൽ പെ.ബഹു. വികാരി ജോസ് പാലാട്ടിയച്ചന്റെ നേതൃ ത്വത്തിൽ ജൂബിലി സ്മാരകമായി പണിതീർത്തതാണ് ജൂബിലി ഹാളും മതബോധനകേന്ദ്ര സമുച്ചയവും.

പുത്തൻചിറയുടെ കുടുംബ പ്രേഷിതത്വ ത്തിന്റെ പ്രതീകമായ പാവനപുത്രിയെ, തിരുക്കു ടുംബ സന്യാസിനീസമൂഹത്തിന്റെ സ്ഥാപകയായ മദർ മറിയം ത്രേസ്യയെ 2000 ഏപ്രിൽ 9 ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ റോമിൽ വച്ച് വാഴ്ത്ത പ്പെട്ടവളായി പ്രഖ്യാപിച്ചു എന്ന വസ്തുത പുത്തൻ ചിറക്കാർക്ക് പൊതുവെയും സന്യസ്തർക്ക് സവിശേ ഷമായും അഭിമാനകരമാണ്.

## വേർപിരിഞ്ഞുപോയ പള്ളികൾ

പുരാതന ക്രൈസ്തവസമൂഹമായി പുത്തൻ ചിറ ഫൊറോനാപള്ളിയിൽനിന്ന് കാലാകാലങ്ങ ളിൽ രൂപംകൊണ്ട ഇടവകകളാണ് കുഴിക്കാട്ടുശ്ശേരി, സേവിയൂർ, പുത്തൻചിറ ഈസ്റ്റ്, കടുപ്പൂക്കര, കുതിര ത്തടം, തുമ്പൂർ തുടങ്ങിയവ.

## പുത്തൻചിറ ഫൊറോനയുടെ കീഴിലുള്ള പള്ളികൾ

പുത്തൻചിറ ഫൊറോന പള്ളി, കടുപ്പശ്ശേരി, കൊറ്റനെല്ലൂർ, കുതിരത്തടം, കുഴിക്കാട്ടുശ്ശേരി, പുത്തൻചിറ ഈസ്റ്റ്, തുമ്പൂർ, വെളയനാട്, സേവിയൂർ എന്നിവ. ആരംഭത്തിൽ പുത്തൻചിറയുടെ കീഴിലാ യിരുന്ന കടുപ്പൂക്കര ഇപ്പോൾ മാള ഫൊറോനയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## ഇതര സ്ഥാപനങ്ങൾ

ഹോളി ഫാമിലി കോൺവെന്റ് (1914), ഹോളി ഫാമിലി എൽ.പി. സ്കൂൾ (1915), സെന്റ് മേരീസ് ചാരിറ്റബിൾ കോംപ്ലക്സ് (1977), സെന്റ് ജോർജ്ജസ് കോൺവെന്റ് (1977), മദർ മറിയം ത്രേസ്യ സ്പിരിചാ ലിറ്റി സെന്റർ (1996).



പുരാതനമായ മാമോദിസാതൊട്ടി



സെന്റ് മേരീസ് കുരിശുപള്ളി, മരിയൻകുന്ന്



വാഴ്ത്തപ്പെട്ട
മറിയം ത്രേസ്യ



ദൈവദാസൻ
ജോസഫ് വിതയത്തിൽ



അഭിവന്ദ്യ ഡൊമിനിക് ഗോവർണ്ണദോരുടെ വികാരിജനറാളായിരുന്ന മാള്യേക്കൽ കൂനൻ ഇട്ടേര പൗലോസ് കത്തനാരുടെ കബറിടം



വി. അന്തോണീസിന്റെ കപ്പേള ശാന്തിനഗർ